# <u>ഗൂഢാലോചനക്കിടെ ഗുണ്ടാ സംഘം അറസ്റ്റിലായി</u>

വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും, തടവ് ശിക്ഷ അനുഭവിച്ചിട്ടുള്ളതുമായ പ്രതികൾ വീണ്ടും മറ്റൊരു ക്രിമിനൽകുറ്റം ചെയ്യുന്നതിന് വേണ്ടി ഗൂഢാലോചന നടത്തുന്നതായുള്ള രഹസ്യവിവരം ബഹു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി **ശ്രീ. എ.വി.ജോർജ്ജ് IPS** –ന് ലഭിച്ചതിനെ തുടർന്ന് ,ബഹു.പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.ജി.വേണുവിൻെറ നിർദ്ദേശാനുസരണം, കാലടി പോലീസ് ഇൻസ്പെക്ടർ സജിമാർക്കോസിൻെറ നേതൃത്വത്തിൽ , അയ്യമ്പുഴ പോലീസ് സബ്ബ് ഇൻസ്പെക്ടർ സി.പി.ഹാപ്പിയും , സംഘവും 06 പ്രതികളെയും അയ്യമ്പുഴയിൽ വച്ച് അറസ്റ്റ് ചെയ്തു. തൃശ്ശൂർ ജില്ല, പുതുക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ ഹൈവേയിൽ നടന്ന കൂട്ടായ്മ കവർച്ചയിൽ 07 വർഷക്കാലം തടവ് ശിക്ഷ ലഭിച്ചയാളും, 2016 വർഷത്തിൽ കാലടി സനിൽ വധകേസിലെ 01-ാം പ്രതിയും , കേരളത്തിലെ വിവിധ പോലീസ് സ്റേറഷനുകളിലായി 30 –ഓളം ക്രിമിനൽ കേസുകളിൽ പ്രതിയും, കാലടി പോലീസ് സ്റ്റേഷനിലെ റൗഡിയുമായ രതീഷ് @ കാര രതീഷ്, വയസ് 32,S/o രവി, ചെത്തിക്കാട് വീട്,കാടപ്പാറ, മലയാറ്റൂർ, എന്നയാളും, അയ്യമ്പുഴ പോലീസ് സ്റ്റേഷനിലെ റൗഡിയും, കാലടി സനിൽ വധ കേസിലെ 3-ാം പ്രതിയുമായ ടോണിൻ, വയസ് 23, S/o ടോമി, തേലക്കാടൻ വീട്, ഉപ്പ് കല്ല്, അയ്യമ്പുഴ,എന്നയാളും, 2016 വർഷത്തിൽ കാടപ്പാറ ഭാഗത്ത് വച്ച് റിതിൻരാജൻ എന്നയാളെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ 3-ാം പ്രതിയും, വിവിധ പോലീസ് സ്റ്റേഷനുകളിലായി 15-ഓളം കേസിലെ പ്രതിയുമായ മലയാറ്റൂർ വില്ലേജ്, കാടപ്പാറ കരയിൽ വെട്ടിക്ക വീട്ടിൽ കുട്ടപ്പന് മകൻ മനോജ് @ ലൂണ മനോജ്, വയസ് 28, വിവിധ പോലീസ് സ്റ്റേഷനുകളിലായി നിരവധി കേസുകളിൽ ഉൾപ്പെട്ട മേബിൻ, S/o ബാബു, തറയിൽ വീട്, കൊല്ലക്കോട്, അയ്യമ്പുഴ, അശ്വിൻ. S/o രാജൻ, ആറ്റാഞ്ചേരി വീട്, കൊറ്റമം, നീലീശ്വരം, രാജീവ് @ വാവാച്ചി, വയസ് 23/17, S/o തങ്കച്ചൻ , പള്ളിയാനക്കൂട്ടം വീട് മുണ്ടേപ്പുറം കൊല്ലക്കോട്, അയ്യമ്പുഴ എന്നിവരാണ് പോലീസ് പിടിയിലായത്,അറസ്റ്റിലായവരെ ബഹു.കാലടി JFCM കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തിട്ടുള്ളതാണ്.